II ഇ.ബി. XV- കേരള നിയമസഭ/IV-3

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2022 ഫെബ്രുവരി 24, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

6 (*61) <u>വന്യജീവി ആക്രമണം നേരിടാൻ നടപടി</u>

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, വന്യജീവി ആക്രമണം തടയുന്നതിന് വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആനപ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, കുങ്കി സ്ക്വാഡുകൾ തുടങ്ങിയവയും വന്യമൃഗ സാന്നിദ്ധ്യം മുൻകൂട്ടി അറിയിക്കുന്നതിന് ഏർളി വാർണിംഗ് സിസ്റ്റം, നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിന് റാപ്പിഡ് റെസ്പോൺസ് ടീമുകൾ തുടങ്ങിയ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന്

സഭയെ അറിയിച്ചു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് 620 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിക്കുകയും സംസ്ഥാന-ജില്ലാ തലങ്ങളിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ഉത്തരവിടുകയും ചാലക്കുടി, അങ്കമാലി നിയോജകമണ്ഡലങ്ങളിലെ മനുഷ്യ-വന്യജീവി സംഘർഷം പരിഹരിക്കുന്നതിന് ശാസ്ത്രീയപഠനം നടത്താൻ പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനെ ചുമതലപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിരപ്പിള്ളി കണ്ണംകുഴിത്തോടിലെ ജനവാസമേഖലയിലെ സോളാർ ഫെൻസിംഗ് നിർമ്മാണം പൂർത്തിയാക്കുന്നതിനും വന്യമൃഗശല്യം രൂക്ഷമായ സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കേന്ദ്ര മാനദണ്ഡങ്ങൾക്കനുസൃതമായി മാത്രമേ കൃഷിനാശമുൾപ്പെടെയുള്ളവയ്ക്ക് നഷ്ടപരിഹാരം നൽകാൻ കഴിയുകയുള്ളൂവെന്നും വനസംരക്ഷണ സമിതികളുടെയും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

7 (*62) <u>പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ വീട് പുനർനിർമ്മാണം</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീടുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 1.50 ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നുണ്ടെന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീടുകൾ പൂർത്തിയാക്കുന്നതിന് 'ഭവന പൂർത്തീകരണ' പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 മുതൽ ധനസഹായം അനുവദിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ലൈഫ് മിഷന്റെ അർഹതാ പട്ടികയിൽ ഉൾപ്പെടാത്ത അർഹരായ പട്ടികജാതി വിഭാഗക്കാരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ആദിവാസി മേഖലകളിൽ അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം, എസ്.സി./എസ്.ടി. കോളനികളിലെ വിവിധ പദ്ധതികൾ എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേക സംവിധാനമേർപ്പെടുത്താനും സെറ്റിൽമെന്റ് മേഖലയ്ക്ക് പുറത്ത് ഭവന നിർമ്മാണം നടത്തുന്ന പട്ടികവർഗ്ഗ

വിഭാഗത്തിൽപ്പെട്ടവർക്ക് 2 ലക്ഷം രൂപ അധികം അനുവദിക്കാനും ലാൻഡ് ബാങ്ക് മുഖേന കൃഷി യോഗ്യവും വാസയോഗ്യവുമായ ഭൂമി നൽകാനും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷനിൽ ഉൾപ്പെടുത്തി കൂടുതൽ വീടുകൾ നിർമ്മിച്ചു നൽകാനും തീരുമാനിച്ചിട്ടുണ്ടെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

8(*63) <u>അട്ടപ്പാടിയിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അട്ടപ്പാടിയിൽ പോഷകാഹാരം ഉറപ്പുവരുത്തുന്നതിന് 'മില്ലറ്റ് ഗ്രാമം' പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് 150 ഊരുകളിൽ സമൂഹ അടുക്കള പ്രവർത്തിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. 'ജനനീ-ജന്മരക്ഷാ' പദ്ധതി മുഖേന 693 പേർക്ക് കുടിശ്ശിക ഉൾപ്പെടെ 83,92,000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി സജ്ജീകരിക്കുകയും വെൽനെസ്സ് ക്ലിനിക്ക്, ശ്വാസ് ക്ലിനിക്ക്, ജെറിയാട്രിക് ക്ലിനിക്ക്, സിക്കിൾസെൽ ഡിറ്റക്ഷൻ, ഡീ-അഡിക്ഷൻ സെന്റർ തുടങ്ങിയ

സേവനങ്ങൾ നൽകുകയും മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് വിദഗ്ധ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരിതര ഏജൻസികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും അട്ടപ്പാടി കേന്ദ്രീകരിച്ച് സ്പോർട്സ് കോംപ്ലക്സ് പണിയുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും ആദിവാസി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് വിവിധ സേനാവിഭാഗങ്ങളിൽ നിയമനം ലഭിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നതിനും മദ്യം, ലഹരിമരുന്നുകൾ എന്നിവയുടെ പിടിയിൽനിന്നും കുട്ടികളെ മോചിപ്പിക്കുന്നതിനും പദ്ധതികളാവിഷ്കരിക്കുമെന്നും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ അട്ടപ്പാടിയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.